പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 60

28.06.2016 ൽ
മറുപടിക്ക്

**പോലീസ് സേനയുടെ നവീകരണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. ദിവാകരൻ<br>ശ്രീ. കെ. രാജൻ<br>ശ്രീമതി സി.കെ. ആശ<br>ശ്രീ. ഇ.കെ. വിജയൻ | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) സമൂഹ നന്മ ലക്ഷ്യമിട്ട് സംസ്ഥാനത്തെ പോലീസ് സംവിധാനത്തിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം പുതിയ സംവിധാനങ്ങളാണ് കൊണ്ടുവരാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | എ) പോലീസ് സേനകളിലേയ്ക്കുള്ള നിയമനം, പരിശീലനം, സ്ഥാനക്കയറ്റം എന്നിവ വ്യവസ്ഥാപിതമായ രീതിയിൽ നടപ്പിലാക്കുന്നതിന് യോജിച്ച ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് പോളിസി കൊണ്ടുവരുന്നതാണ്.<br><br>പോലീസിന്റെ ആധുനികവൽക്കരണം ഒരു ഘടനാപരമായ ഉദ്യമവും അത് അനുയോജ്യമായ സാങ്കേതിക വിദ്യയുടെ പ്രയോഗം വിഭാവനം ചെയ്യുകയും ചെയ്യും. ഗതാഗത നിയന്ത്രണത്തിനും നടപ്പാക്കലിനുമായി അടിസ്ഥാന സൗകര്യ വികസനം കൊണ്ടുവരുന്നതും, അതിൽ സ്റ്റേറ്റ് ലെവൽ ട്രാഫിക് കൺട്രോൾ ആന്റ് മോണിറ്ററിംഗ് സെന്ററും ഉൾപ്പെടുന്നതുമാണ്. സംസ്ഥാനത്ത് സൈബർ സ്പേസിന്റെ വർദ്ധിച്ചുവരുന്ന ദുരുപയോഗം കണക്കിലെടുത്ത് സൈബർ ക്രൈം ഇൻവെസ്റ്റിഗേഷനും, ട്രെയിനിങ്ങിനും, അടിസ്ഥാന സൗകര്യ വികസനത്തിനും മുൻഗണന നൽകുന്നതാണ്. എല്ലാ പോലീസ് സ്റ്റേഷനുകളുടെയും നിലവാരമുയർത്തി സ്മാർട്ട് പോലീസ് സ്റ്റേഷനുകളായി മാറ്റുന്നതിന് നടപടിയെടുക്കും.<br><br>തീരദേശ സുരക്ഷ കൈകാര്യം ചെയ്യുന്നതിനായി ഒരു ഐ.ആർ. മറൈൻ ബറ്റാലിയനും, തീവ്രവാദം, മറ്റു ബന്ധപ്പെട്ട പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് സഹായത്തിനായി ഒരു ഇന്ത്യ റിസർവ് (ഐ.ആർ) ബറ്റാലിയനും കൂടി അനുവദിക്കുന്ന വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതാണ്. കാര്യക്ഷമമായ ഒരു വുമൻ സേഫ്റ്റി ആന്റ് സെക്യൂരിറ്റി സ്കീം ആരംഭിക്കുന്നതാണ്. ഒരു സമ്പൂർണ്ണ വനിതാ ബറ്റാലിയൻ കൊണ്ടുവരുന്നതിന്റെ സാധ്യതകൾ കൂടി പരിശോധിക്കുന്നതാണ്. കൂടാതെ, താഴെതട്ടിലുള്ള വനിതാ ഓഫീസർമാരുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതുമാണ്. പൊതുജനങ്ങളുടെ |

പ്രയോജനത്തിനായി ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിങ് നെറ്റ് വർക്ക് (CCTNS) പ്രോജക്ടിൽ ഒരു പബ്ലിക് വെബ് പോർട്ടൽ ഫെസിലിറ്റി കൊണ്ടുവരുന്നതാണ്.

ബി) സംസ്ഥാന പോലീസിൽ നിലനിൽക്കുന്ന കുറ്റാന്വേഷണ രീതികളിൽ എന്തെങ്കിലും മാറ്റം വരുത്താൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്താൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

ബി) സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെടുന്ന കുറ്റകൃത്യങ്ങളിൽ ലഭ്യമാകുന്ന തെളിവുകളുടേയും മൊഴികളുടേയും അടിസ്ഥാനത്തിലാണ് കുറ്റാന്വേഷണത്തിന്റെ രീതി നിശ്ചയിക്കപ്പെടുന്നത്. ഇതിൽ സങ്കീർണ്ണമായ കേസുകളിന്മേൽ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉന്നത ഉദ്യോഗസ്ഥർ നൽകിവരുന്നു. കൂടാതെ ചില കേസുകളിൽ ബഹു. കോടതികൾ കുറ്റാന്വേഷണത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു. ഇതിനു പുറമേ 'പുതുതലമുറ കുറ്റകൃത്യങ്ങൾക്ക്' ആവശ്യമായ സാങ്കേതിക സഹായങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി ആധുനിക സാങ്കേതിക വിദ്യയിൽ ഊന്നിയുള്ള കുറ്റാന്വേഷണ ഉപകരണങ്ങളും മറ്റും സ്ഥാപിച്ച് കുറ്റകൃത്യം വേഗത്തിൽ തെളിയിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നുണ്ട്.

സി) സംസ്ഥാനത്തുള്ള പോലീസ് സേനയെ നവീകരിക്കുന്നതിന് എന്തു നടപടികളാണ് ഉണ്ടായിരുന്നതെന്നും, പുതിയ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്നും ഇതിന് കേന്ദ്ര സഹായം ലഭ്യമായിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ?

സി) പോലീസ് സേനയെ നവീകരിക്കുന്നതിനായി കേന്ദ്ര സംസ്ഥാനങ്ങളുടെ വിവിധ പദ്ധതികൾ പ്രകാരമുള്ള ഫണ്ട് ഉപയോഗിച്ച് ആയുധങ്ങൾ, ട്രാഫിക് ഉപകരണങ്ങൾ, വാഹനങ്ങൾ, ഇലക്ട്രോണിക്സ് ഉപകരണങ്ങൾ എന്നിവ വാങ്ങുകയും പരിശീലനങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സഹായം ലഭിക്കുന്ന പദ്ധതിയിൽ താഴെപ്പറയുന്ന ഇനങ്ങൾ ഉൾപ്പെടുന്നു.

1. വാഹന സൗകര്യം വർദ്ധിപ്പിക്കൽ.
2. ആയുധങ്ങളും വെടിക്കോപ്പുകളും വാങ്ങൽ.
3. കമാന്റോ വിങ്ങിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങൽ.
4. സ്പെഷ്യൽ ബ്രാഞ്ചിലേയ്ക്ക് അത്യാധുനിക ഉപകരണങ്ങൾ വാങ്ങൽ.
5. ടെലികമ്മ്യൂണിക്കേഷൻ, എഫ്.എസ്.എൽ., എഫ്.പി.ബി. തുടങ്ങിയ വിഭാഗങ്ങളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ.
6. സൈബർ കുറ്റാന്വേഷണരംഗം നവീകരിക്കൽ.
7. പരിശീലന വിഭാഗം നവീകരിക്കൽ.

2016-17 സാമ്പത്തിക വർഷത്തിൽ പോലീസ് സേനയുടെ നവീകരണത്തിനായി സംസ്ഥാന പോലീസ് മേധാവി തയ്യാറാക്കിയ പദ്ധതി കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ